# 5. യൂറേക

സോവിയററ് യൂണിയൻെറ എതിർപ്പിനെ അവഗണിച്ചുകൊണ്ട് 'നക്ഷത്രയുദ്ധ'പരിപാടിയുമായി മുന്നോട്ടു പോകാൻ അമേരിക്കൻ പ്രസിഡണ്ട് റേയ്ഗൻ തീരുമാനിച്ചിരിക്കുകയാണല്ലോ. 'യുദ്ധതന്ത്രപരമായ പ്രതിരക്ഷാ മുൻകൈ' (സ്ട്രാററജിക് ഡിഫെൻസ് ഇനീഷ്യററീവ്) എന്നാണ് ഈ പരിപാടിക്ക് അമേരിക്കക്കാർ നൽകിയിട്ടുള്ള പേർ. അണുബോംബുകൾ വഹിച്ചുകൊണ്ട് സോവിയററ് യൂണിയനിൽനിന്ന് വായുമണ്ഡലത്തിലേക്ക് ഉയർന്നേക്കാവുന്ന മിസൈലുകൾ (പ്രക്ഷേപണാസ്ത്രങ്ങൾ), അവ പുറപ്പെട്ട് ഏതാനും സെക്കൻറുകൾക്കകം, ഭസ്മമാക്കുന്നതിനു കഴിവുള്ള ലേസർ ഉപകരണങ്ങൾ ബാഹ്യാന്തരീക്ഷത്തിൽ സ്ഥിരമായി സ്ഥാപിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. ഈ പരിപാടി വാൾ അല്ല, പരിചമാത്രമാണെന്ന്, അതായത് ആക്രമണമല്ല, ആക്രമണത്തെ ചെറുക്കുകമാത്രമാണ് ഇതിൻെറ ലക്ഷ്യമെന്ന്, റേയ്ഗൻ അവകാശപ്പെടുന്നു. എങ്കിലും വാൾ ആയി ഉപയോഗിക്കാൻ കൂടുതൽ സാധ്യതയുള്ളതാണ് ഈ പരിച; പ്രതിരക്ഷയെക്കാളേറെ ആക്രമണത്തിനാണ് അതു് ഉപകരിക്കുക. വരുന്ന ഏതാനും വർഷങ്ങളിൽ ഈ പരിപാടി സംബന്ധിച്ച ഗവേഷണപ്രവർത്തനങ്ങൾക്കായി അമ്പതിനായിരം കോടിമുതൽ ഒരുലക്ഷം കോടിവരെ ഡോളർ അമേരിക്ക ചെലവാക്കാൻ സാധ്യതയുണ്ടെന്നു പറയപ്പെടുന്നു.

ഉദ്ദേശിച്ചതുപോലെ നടപ്പിൽവരുന്നപക്ഷം, മനുഷ്യചരിത്രത്തിൽ ഇതിനുമുമ്പ് ഒരിക്കലും ഉണ്ടാകാത്ത ഒരു ആസൂത്രിത–ശാസ്ത്രീയഗവേഷണ പരിപാടിയായിരിക്കും 'നക്ഷത്രയുദ്ധം'. ബാഹ്യാന്തരീക്ഷപഠനം ലേസർപോലെയുള്ള മാരകരശ്മികളുടെ നിർമ്മാണവും ഉപയോഗവും, ഉപഗ്രഹ–വാർത്താവിനിമയ പ്രവർത്തനം, സ്വയം പ്രവർത്തിക്കുന്ന യന്ത്രങ്ങളുടെ പഠനം (റോബോട്ടിക്സ്), ഇലക്ട്രോണിക്സ് മുതലായ പല ശാസ്ത്രശാഖകളിലായി പടരുന്ന വിവിധ ഗവേഷണങ്ങളുടെ ഫലമായി സങ്കേതവിദ്യയിൽ (ടെക്നോളജിയിൽ) എന്തെല്ലാം വികാസങ്ങൾ ഉണ്ടാകുമെന്ന് ഇപ്പോൾ ഊഹിക്കുകപോലും അസാധ്യമാകുന്നു. മാംസപേശികളുടെ ശക്തിക്കു പകരം ആവിശക്തി ഉപയോഗിച്ചുതുടങ്ങിയപ്പോഴാണല്ലോ വ്യവസായവത്കരണം സംഭവിച്ചത്. ആസൂത്രിതങ്ങളല്ലാത്ത എത്രയോ ചെറിയ ചെറിയ ഗവേഷണങ്ങളുടെ സമുച്ചിതഫലമായി, നൂററാണ്ടുകളിലൂടെ പതുക്കെപ്പതുക്കെയാണ് വ്യവസായവല്ക്കരണം പ്രായോഗികപദവിയിലെത്തിയത്. ആവിശക്തിയുടെ സ്ഥാനം വിദ്യുച്ഛക്തി ഏറെറടുത്തതോടെ വ്യവസായവത്കരണം ത്വരിതമായിത്തീർന്നു. ഇന്നിപ്പോൾ മനുഷ്യമസ്തിഷ്കത്തിൻെറ ശക്തിക്കു പകരം യന്ത്രശക്തി (വിദ്യുച്ഛക്തി) ഉപയോഗപ്പെടുത്താമെന്നുവന്നിരിക്കുന്നു. 'മൂന്നാം വ്യവസായവത്കരണം' ആയിരിക്കും ഇതിൻെറ ഫലമെന്ന് പറയപ്പെടുന്നു. അതിത്വരിതഗതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന 'മൂന്നാം വ്യവസായവത്കരണം' സാർവത്രികമാകുന്നതോടെ മനുഷ്യജീവിതത്തിൽ, ഭൂമിയിലെ ജൈവമണ്ഡലജീവിതത്തിൽത്തന്നെ, മൗലികങ്ങളായ മാററങ്ങൾ ഉണ്ടാകുമെന്നു തീർച്ചയാണ്.

ദുർലഭങ്ങളായ വിഭവങ്ങൾ കയ്യടക്കുന്നതിനുവേണ്ടിയുള്ള കടുത്ത മത്സരത്തിൽ ഏർപ്പെട്ട വിരുദ്ധ ഗ്രൂപ്പുകളായി മനുഷ്യവർഗം വിഭജിക്കപ്പെട്ടിരിക്കുന്നു. രാഷ്ട്രങ്ങൾ തമ്മിൽത്തമ്മിലും, ഓരോ രാഷ്ട്രത്തിൽത്ത

ന്നെയുള്ള വ്യത്യസ്ത സാമ്പത്തികവർഗങ്ങൾ തമ്മിലും നടക്കുന്ന ഈ മൽസരത്തിൽ, പിന്നെപ്പിന്നെ, ശക്തിയേറിയ ഒരായുധമായിട്ടുണ്ട് സങ്കേതവിദ്യ. സങ്കേതവിദ്യയിൽ മുന്നേറുന്നവർ പ്രകൃതിവിഭവങ്ങൾ കൈയടക്കി സമ്പന്നരാകുന്നു. പഴഞ്ചൻ സങ്കേതവിദ്യയിൽ കുരുങ്ങിക്കിടക്കുന്നവർ അതിവേഗത്തിൽ പിൻതള്ളപ്പെടുന്നു.

രണ്ടാം മഹായുദ്ധത്തിനുശേഷം സങ്കേതവിദ്യയിൽ കുതിച്ചുകയറിയ രണ്ടു രാഷ്ട്രങ്ങളാണ് അമേരിക്കയും ജപ്പാനും. വ്യവസായവത്കരണത്തിനു നേതൃത്വം നൽകിയ യൂറോപ്യൻരാഷ്ട്രങ്ങൾ ഈ മത്സരത്തിൽ പിൻതള്ളപ്പെട്ടിരിക്കുന്നു. ഉരുക്കും കൽക്കരിയുംപോലെയുള്ള അടിസ്ഥാനവ്യാവസായികവിഭവങ്ങളും വെണ്ണയും വീഞ്ഞുംപോലെയുള്ള ഭക്ഷ്യവിഭവങ്ങളും ഉല്പാദിപ്പിക്കുന്നതിൽ കൈവന്ന പുരോഗതി, ഇലക്ട്രോണിക്സിലോ റോബോട്ടിക്സിലോ നേടുവാൻ ജർമനിക്കോ, ഫ്രാൻസിനോ, ബ്രിട്ടനോ മറേറതെങ്കിലും യൂറോപ്യൻ രാഷ്ട്രത്തിനോ കഴിഞ്ഞിട്ടില്ല. ജ്ഞാനം, ഇച്ഛ, കർമം എന്നീ മൂന്നു രംഗങ്ങളിൽ മനുഷ്യവർഗത്തിനു ശതാബ്ദങ്ങളോളം നേതൃത്വം നൽകിവന്ന യൂറോപ്പിനു നേതൃപദവി ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുന്നു. അമേരിക്കയോ ജപ്പാനോ നയിക്കുന്നിടത്തു പിൻതുടരാനേ യൂറോപ്യൻരാഷ്ട്രങ്ങൾക്ക് ഇന്നു കഴിയുന്നുള്ളു. ഇനി റേയ്ഗന്റെ 'നക്ഷത്രയുദ്ധ'പരിപാടിയുമായി ബന്ധപ്പെട്ട അതിവിപുലങ്ങളും ആസൂത്രിതങ്ങളുമായ ഗവേഷണങ്ങൾകൂടി നടന്നുകഴിയുമ്പോൾ യൂറോപ്യൻരാഷ്ട്രങ്ങൾ സാങ്കേതികമായി ഇന്നത്തേതിലുമെത്രയോ പിൻതള്ളപ്പെട്ടുപോകാനാണ് സാധ്യത.

'നക്ഷത്രയുദ്ധ'ഗവേഷണങ്ങൾക്കു ചെലവഴിക്കപ്പെടുന്നതു വളരെ വലിയ ഒരു തുകയാണ്. തങ്ങൾക്ക് ഇഷ്ടമുള്ള വിഷയങ്ങളിൽ ഗവേഷണം നടത്താൻ ധാരാളം പണം കിട്ടുമെന്നുവന്നാൽ, യൂറോപ്പിലെ ശാസ്ത്രജ്ഞരിൽ വലിയ ഒരു വിഭാഗം അമേരിക്കയിലേക്കു കുടിയേറിപ്പാർക്കും. ഇതിന്റെ ഫലമായി യൂറോപ്പിലുണ്ടായേക്കാവുന്നതു അതിഭീമമായ ഒരു 'തലച്ചോർ വാർച്ച' ആയിരിക്കും. 'നക്ഷത്രയുദ്ധ'പരിപാടിയിൽ സഹകരിക്കാൻ യൂറോപ്യൻരാഷ്ട്രങ്ങളെ റേയ്ഗൻ ക്ഷണിച്ചിട്ടുണ്ട്. പടിഞ്ഞാറെ ജർമനിയും ബ്രിട്ടനും ഈ ക്ഷണം സ്വീകരിച്ചിട്ടുമുണ്ട്.

സങ്കേതവിദ്യയുടെ രംഗത്തു അമേരിക്കയുടെ ഒരു കോളനിയെന്ന പദവിയിലേക്ക് യൂറോപ്പ് അധഃപതിക്കാതിരിക്കണമെങ്കിൽ, 'നക്ഷത്രയുദ്ധ'ഗവേഷണങ്ങൾക്കു തുല്യവും അതിവിപുലവുമായ എന്തെങ്കിലും ഒരു ഗവേഷണപരിപാടി യൂറോപ്പിൽ തുടങ്ങേണ്ടിയിരിക്കുന്നു. സോവിയററ് റഷ്യയെ ഒഴിവാക്കിയാൽ യൂറോപ്പിലെ ഒരു രാഷ്ട്രത്തിനും ഒററയ്ക്കു ഇത്തരമൊരു പരിപാടി ആസൂത്രണംചെയ്തു നടപ്പിൽ വരുത്താനാവശ്യമായ വിഭവശേഷി ഇന്നില്ല. അതിനാൽ പടിഞ്ഞാറെ യൂറോപ്പിലെ കമ്യൂണിസ്റ്റിതര രാഷ്ട്രങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ വേണം ഇങ്ങനെ ഒരു പരിപാടി സംവിധാനംചെയ്യുവാൻ. ഫ്രാൻസിന്റെ പ്രസിഡണ്ട് മിത്തെറാങ്ങ് ആണ് ഈ ആശയം ഉന്നയിച്ചതു. 'ഞാൻ കണ്ടു' എന്നു അർത്ഥം വരുന്ന 'യൂരേക' എന്ന ഗ്രീക്ക്പദം ഈ പരിപാടിയുടെ പേരായി നിർദ്ദേശിക്കപ്പെട്ടു. പദാർത്ഥങ്ങളുടെ പ്രതിനിയതഭാരം നിർണ്ണയിക്കുന്നതിനുള്ള തത്ത്വം കണ്ടെത്തിയപ്പോൾ ആർക്കിമിഡിസ് ഉച്ചരിച്ച ഈ പദം, പുതിയ കണ്ടെത്തലുകൾക്കുവേണ്ടിയുള്ള ഒരു ഗവേഷണപരിപാടിക്കു പററിയ പേരുതന്നെ.

'യൂരേക'ഗവേഷണപരിപാടിയിൽ സഹകരിക്കാൻ ഇതിനകം പതിനെട്ടു യൂറോപ്യൻ രാഷ്ട്രങ്ങൾ തയ്യാറായിട്ടുണ്ട്. പരസ്പരം ബന്ധപ്പെടുത്താതെ, ഒററയ്ക്കൊററയ്ക്കായുള്ള ഗവേഷണപ്രവർത്തനങ്ങൾക്കായി ഈ രാഷ്ട്രങ്ങൾ ഇപ്പോൾ ആണ്ടുതോറും നാലായിരം കോടി ഡോള

റോളം ചെലവഴിക്കുന്നുണ്ട്. ഗവേഷണങ്ങൾ പരസ്പരം ബന്ധപ്പെടുത്തി, അവയെ കൂടുതൽ ഫലപ്രദമാക്കുകയാണ് 'യൂരേക'പരിപാടിയുടെ ലക്ഷ്യം. കഴിഞ്ഞ ജൂലൈയിൽ പാരീസിലും നവംബറിൽ പടിഞ്ഞാറെ ജർമനിയിലെ ഹാനോവറിലും ചേർന്ന രണ്ടു സമ്മേളനങ്ങൾ 'യൂരേക'പരിപാടിക്ക് ഏകദേശരൂപം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഈ പരിപാടിക്കു കീഴിൽ പത്തു ഗവേഷണപദ്ധതികൾ ഏറ്റെടുത്തു നടത്താൻ ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെയും അവയിൽ പങ്കെടുക്കുന്ന രാഷ്ട്രങ്ങളുടെയും വിവരം താഴെ ചേർക്കുന്നു.

1. സ്കൂളുകളിലും സ്വകാര്യസ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന ചെറു കമ്പ്യൂട്ടറുകൾക്ക് യൂറോപ്പിലാകെ മാനകീകരണം (സ്റ്റാൻഡേർഡൈസേഷൻ)—ബ്രിട്ടൻ, ഫ്രാൻസ്, ഇററലി.
2. ഒരു 'അധിവേഗ'-കമ്പ്യൂട്ടർ—ഫ്രാൻസ്, നോർവേ, ഒരുപക്ഷേ, ജർമനി.
3. സൂര്യപ്രകാശം നേരിട്ട് വൈദ്യുതിയാക്കി മാററുന്നതിനു ചെലവു കുറഞ്ഞ സിലിക്കോൺ സംവിധാനം—ഫ്രാൻസ്, ജർമനി.
4. തുണിവ്യവസായത്തിൽ റോബോട്ടുകളെ ഉപയോഗപ്പെടുത്തൽ—ഫ്രാൻസ്, പോർട്ടുഗൽ.
5. വ്യാവസായിക ഉച്ഛിഷ്ടങ്ങൾ ശുദ്ധീകരിക്കാൻ ചെറുഫിൽട്ടറുകൾ—ഫ്രാൻസ്, ഡെൻമാർക്ക്.
6. ലോഹവ്യവസായത്തിൽ ലേസർ രശ്മികൾ ഉപയോഗപ്പെടുത്തൽ—ജർമനി, ഫ്രാൻസ്, ബ്രിട്ടൻ, ഇററലി.
7. വായുമലിനീകരണം കണ്ടുപിടിച്ച് അപഗ്രഥിക്കാനുള്ള സംവിധാനങ്ങൾ—ജർമനി, ആസ്ട്രിയ, ഫിൻലൻഡ്, ഹോളണ്ട്.
8. യൂറോപ്പിൽ ഗവൺമെൻറ്തലത്തിലും സ്വകാര്യഗവേഷണസ്ഥാപനതലത്തിലും പ്രവർത്തിക്കുന്ന കമ്പ്യൂട്ടറുകളുടെ ഒരു നെററ്വർക്ക് സ്ഥാപിക്കൽ—ജർമനി, വേറെ ഏഴു രാജ്യങ്ങളും.
9. എയ്ഡ്സ് രോഗബാധ നേരത്തേ കണ്ടുപിടിക്കാനുള്ള ഒരു പദ്ധതി—സ്പെയിൻ, ബ്രിട്ടൻ.
10. കാഴ്ചശക്തിയുള്ള ഒരു വ്യാവസായിക റോബോട്ട്—ഫ്രാൻസ്, ഇററലി.

ആകെ സമർപ്പിക്കപ്പെട്ട മുന്നൂറു ഗവേഷണപദ്ധതികളിൽനിന്നു തെരഞ്ഞെടുക്കപ്പെട്ടവയാണിവ. ഈ പട്ടികയിൽനിന്നു 'യൂരേക'യിൽ ഉൾപ്പെടുത്താൻ സാദ്ധ്യതയുള്ള ഗവേഷണപദ്ധതികളുടെയും, അവ നടപ്പിൽ വരുന്ന സമ്പ്രദായത്തിൻെറയും ഏകദേശരൂപം ലഭിക്കുമല്ലോ. പതിനെട്ടു യൂറോപ്യൻ രാഷ്ട്രങ്ങളിലെ വിദേശ-ഗവേഷണമന്ത്രിമാരാണ് 'യൂരേക' സംബന്ധിച്ച തീരുമാനങ്ങൾക്കു കൂട്ടായി ബാധ്യസ്ഥത വഹിക്കുക, 'യൂരേക'യുടെ അടിസ്ഥാനസിദ്ധാന്തങ്ങൾ സംബന്ധിച്ച ഒരു ചാർട്ടർ ഹാനോവർ സമ്മേളനം അംഗീകരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര വിപണിയിൽ യൂറോപ്യൻ ഉൽപ്പന്നങ്ങൾ മത്സരാടിസ്ഥാനത്തിൽ വിററഴിക്കാൻ സാധിക്കുമാറ് യൂറോപ്യൻവ്യവസായങ്ങളുടെയും സമ്പദ്വ്യവസ്ഥകളുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും നിർമാണച്ചെലവു ചുരുക്കുന്നതിനുംവേണ്ടി ഉയർന്ന ടെക്നോളജിയിൽ വ്യവസായങ്ങളും ഗവേഷണസ്ഥാപനങ്ങളും കൂടുതൽ സഹകരിക്കുക, സമ്പത്സമൃദ്ധിയും തൊഴിലവസരങ്ങളും വളർത്തുക എന്നിവയത്രെ ഈ അടിസ്ഥാനസിദ്ധാന്തങ്ങളിൽ പ്രധാനപ്പെട്ടവ. 'യൂരേക'പദ്ധതികളുടെ പ്രയോജനം സ്വകാര്യമേഖലയ്ക്കും സർക്കാരിനും ഒരുപോലെ ലഭ്യമായിരിക്കും. വിജ്ഞാനസംഭരണം, വിജ്ഞാനവിതരണം എന്നിവ സംബന്ധിച്ച

സങ്കേതവിദ്യകൾ, റോബോട്ടിക്സ്, പുതിയ വ്യാവസായിക–അസംസ്കൃത വിഭവങ്ങൾ സംബന്ധിച്ച സങ്കേതവിദ്യകൾ, ഉൽപ്പാദനസങ്കേതവിദ്യകൾ, ജൈവസങ്കേതവിദ്യ (ബയോ–ടെക്നോളജി), പരിഃസ്ഥിതി സംരക്ഷണം, അതിവേഗത്തിലോടുന്ന തീവണ്ടികൾ, വിമാനഗതാഗതത്തിൽ കമ്പ്യൂട്ടർനിയന്ത്രണം, അന്തരീക്ഷഗവേഷണം, ഗാർഹിക–വിനോദ ഇലക്ട്രോണിക് സംവിധാനങ്ങൾ മുതലായ രംഗങ്ങളിൽ ഗണ്യമായ സംഭാവന 'യൂറേക' നൽകുമെന്നാണ് പ്രതീക്ഷ.

ഈ ഗവേഷണപരിപാടികൾക്ക വേണ്ടിവരുന്ന ചെലവ്, അവയിൽ പങ്കെടുക്കുന്ന വ്യവസായസ്ഥാപനങ്ങളും ഗവേഷണസ്ഥാപനങ്ങളും വഹിക്കണം. ചില പരിതഃസ്ഥിതികളിൽ ഗവണ്മെൻറുകൾ നേരിട്ടും പരിപാടികൾക്ക ധനസഹായം നൽകും. 'യൂറേക'യുടെ ആദ്യത്തെ വർഷത്തിൽ നൂറു കോടി ഫ്രാങ്ക് (നൂററമ്പതു കോടി രൂപ) ധനസഹായം നൽകാൻ ഫ്രഞ്ച് ഗവണ്മെൻറ് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. മുപ്പതു കോടി മാർക്ക് (നൂററിമുപ്പത്തെട്ടു കോടി രൂപ) സഹായം നൽകാമെന്ന് പടിഞ്ഞാറെ ജർമനിയും ഏററിരിക്കുന്നു. ബ്രിട്ടനിലെ ജി ഇ. സി., ഫ്രാൻസിലെ തോംസൻ, ജർമനിയിലെ സീമെൻസ്, ഹോളണ്ടിലെ ഫിലിപ്പ് എന്നീ കൂററൻ ഇലക്ട്രോണിക്സ് കമ്പനികൾ തങ്ങളുടെ ഗവേഷണപ്രവർത്തനങ്ങൾ 'യൂറേക'യുടെ കീഴിൽ ഏകീകരിക്കുമെന്നു കരുതപ്പെടുന്നു. ദീർഘകാല അടിസ്ഥാനപദ്ധതികളേക്കാളേറെ, ഉടൻ മാർക്കററിൽ വിററഴിയുന്ന സാധനങ്ങളുടെ ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള ഹ്രസ്വകാലപദ്ധതികളിലാണ് 'യൂറേക' ശ്രദ്ധിക്കുക. ചുവപ്പുനാട പരമാവധി കുറച്ചുമാത്രമുള്ളതായിരിക്കണം 'യൂറേക'യുടെ ഭരണസംവിധാനം എന്നും നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്.

ഏതായാലും, ശാസ്ത്രഗവേഷണത്തിൻെറ രംഗത്തിൽ അന്താരാഷ്ട്രീയസഹകരണത്തിൻെറ ഒരു മാതൃകയെന്ന നിലയിൽ, 'യൂറേക' പരിപാടിക്ക് അത്യധികം പ്രാധാന്യമുണ്ട്. അതിൻെറ പുരോഗതി ലോകത്തിലെങ്ങുമുള്ള വിജ്ഞാനകുതുകികൾ താത്പര്യത്തോടെ നിരീക്ഷിച്ചുകൊണ്ടിരിക്കും.

29–11–1985

# 6. എണ്ണ

പാർലമെൻറിൽ ബജററ് അവതരിപ്പിക്കുന്നതിനു് ഏതാനും ദിവസം മുമ്പ് എണ്ണയടക്കം പല സാധനങ്ങളുടെയും വില ഇന്ത്യാഗവണ്മെൻറ് വർധിപ്പിച്ചതു് ഇന്ത്യയിൽ പരക്കെ അമർഷത്തിനു കാരണമായിട്ടുണ്ടല്ലോ. ലോകവിപണിയിൽ കുത്തനെ ഇടിഞ്ഞുകൊണ്ടിരുന്ന അവസരത്തിലാണ് എണ്ണയുടെ വില ഇന്ത്യയിൽ വർധിപ്പിച്ചതു് എന്ന വസ്തുത, വില വർധിപ്പിക്കാൻ ഇന്ത്യാഗവണ്മെൻറ് ഉന്നയിക്കുന്ന ന്യായങ്ങളെ തുലോം ദുർബലങ്ങളാക്കിയിട്ടുമുണ്ട്.

ലോകത്തിൽ ഏററവുമധികം എണ്ണ ഉല്പാദിപ്പിക്കുന്ന രാജ്യങ്ങൾ സോവിയററ് യൂണിയനും അമേരിക്കയുമാകുന്നു. പക്ഷേ, വ്യവസായവത്കൃതങ്ങളായ ഈ രാജ്യങ്ങളിൽ ഉല്പാദിപ്പിക്കുന്ന എണ്ണ അതാതിടത്തെ ഉപഭോഗത്തിനുപോലും മതിയാവാത്ത നിലയാണ്. സ്വന്തം സാമ്പത്തികവലയത്തിൽപ്പെട്ട ഏതാനും രാജ്യങ്ങൾക്ക് സോവിയററ് യൂണിയൻ എണ്ണ വിൽക്കുന്നുണ്ടെന്നതു ശരിതന്നെ. എങ്കിലും, ലോകവിപ